ഉത്തരം

(എ) . 6 ലക്ഷം രൂപ; MoPF 2010-11 ഫണ്ടിൽനിന്നുമാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

(ബി) ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഇപ്രകാരം ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണറുടെകീഴിലുള്ള സി.ഒ. ഓഫീസുകളിൽ പ്രത്യേക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. അതായത് പോലീസ് സ്റ്റേഷനുകളിൽ നിന്നുമാണ് സി.ഐ. ഓഫീസുകളിൽ ഡ്യൂട്ടിക്കായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത്.

ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണറുടെകീഴിലുള്ള പോലീസ് ഓഫീസുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലേയ്ക്കുള്ള അടിയന്തര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

കോൺഗ്രസ് പ്രവർത്തകൻ കൊല ചെയ്യപ്പെട്ട സംഭവം

277 (287) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാവക്കാട്ട് കോൺഗ്രസ്സ് പ്രവർത്തകനായ എ. സി. ഹനീഫ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഏതെല്ലാം കോൺഗ്രസ്സ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; കൊലപാതകം നടത്തിയവരും അതിന് ഗൂഡാലോചന നടത്തിയവരും ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കോൺഗ്രസ്സ് പ്രവർത്തകൻ ഹനീഫയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി പിരിച്ചുവിടപ്പെട്ട സംഭവം കേസ് അന്വേഷിക്കുന്ന പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംഭവത്തെ തുടർന്ന് കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ബ്ലോക്ക് പ്രസിഡന്റ് ഗോപപ്രതാപനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ചാവക്കാട്, കോൺഗ്രസ് പ്രവർത്തകനായ ഹനീഫ കൊല്ലപ്പെട്ടത് സംബന്ധിച്ച് രജിസ്റ്റർചെയ്ത ക്രൈം 1264/15 കേസിൽ 1. ഷെമീർ, S/o. ഉബൈദ്, 2. അൻസാർ, S/o. ഹനീഫ, 3. അഫ്സൽ, S/o. നൂറുദ്ദീൻ, 4. ഷംസീർ, S/o. ഷാഹു, 5.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റൻഷാദ്, S/o. റസ്സാക്ക്, 6. ഫസലു @ ഫസലുദ്ദീൻ, S/o. സെയ്തുമുഹമ്മദ്, 7. സിദ്ദിഖ്, S/o. അബ്ദുള്ളക്കുട്ടി, 8. സൈനുൽ ആബിദ് @ ആബിദ്, S/o. സൈനുദ്ദീൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യത്തെ 3 പ്രതികൾ കൂടിചേർന്നാണ് കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തിട്ടുള്ളത്. 4 മുതൽ 8 വരെയുള്ള പ്രതികളാണ് കൊലപാതകം നടത്തിയ പ്രതികൾക്ക് സംഭവ സ്ഥലത്തുനിന്നും രക്ഷപ്പെടുന്നതിനും ഒളിവിൽ താമസിക്കുന്നതിനും തെളിവ് നശിപ്പിക്കുന്നതിനും സഹായികളായി പ്രവർത്തിച്ചിട്ടുള്ളത്. ഈ കേസിൽ ഇനി ആരെയും അറസ്റ്റ് ചെയ്യാൻ ബാക്കിയില്ല. കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഡാലോചന നടന്നതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ആയതിന്റെ പേരിൽ ആരെയും പ്രതിചേർക്കുകയോ അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിന് രജിസ്റ്റർചെയ്ത ചാവക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1264/15 കേസിന്റെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) മാധ്യമ വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

ജഡ്ജിക്കെതിരെ ഫേസ്ബുക്ക് പോസ്റ്റ്

278 (288) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫേസ് ബുക്കിൽ പോസ്റ്റ് ഇട്ടതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇപ്രകാരം സംസ്ഥാനത്തെ ഒരു ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് 'ജഡ്ജിയുടെ ചരിത്രം പരിശോധിച്ചാൽ നീലച്ചായത്തിൽവീണ കുറുക്കന്റെ കഥപോലെയാകുമെന്നുള്ള' പ്രസ്താവന നടത്തിയ മന്ത്രിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ജഡ്ജിക്കെതിരെ ഇത്തരം പ്രസ്താവന നടത്താൻ മന്ത്രിമാർക്ക് അവകാശമുണ്ടോ ;

(ഡി) ജഡ്ജിക്കെതിരെ ഇപ്രകാരം പരാമർശം നടത്തിയതിന് സംസ്ഥാന പോലീസ് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ എന്തായിരുന്നു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly